അങ്ങേയറ്റത്തെ പിന്നോക്കവസ്ഥയാണ് ഒരു സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം. ഈ മാനദണ്ഡം പുലർത്തുന്ന ധീവര സമുദായത്തെയും അതിന്റെ അവാന്തര വിഭാഗങ്ങളെയും, പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

മൽസ്യത്തൊഴിലാളി ക്ഷേമ നിധിയിൽ നിന്നും ആനുകൂല്യം ലഭിച്ചവർ

476. [590] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 സാമ്പത്തിക വർഷത്തിൽ മൽസ്യത്തൊഴിലാളി ക്ഷേമ നിധിയിൽ നിന്നും സെപ്റ്റംബർ 30 വരെ എത്ര പേർക്ക് ആനുകൂല്യം നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അതിനുവേണ്ടി ചെലവായിട്ടുള്ള തുക എത്ര ?

ഉത്തരം

(എ) നാലുപേർക്ക് ആനുകൂല്യം നല്കിയിട്ടുണ്ട്.

(ബി) 16,699 രൂപ 34 പൈസ. കൂടാതെ കേരളത്തിലെ മൽസ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുന്നതിനായി ആരംഭിച്ച സമഗ്ര ഇൻഷ്വറൻസ് പദ്ധതിക്കുള്ള പ്രീമിയമായി 7,25,202 രൂപ ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയതും ക്ഷേമനിധിയിൽ നിന്നാണ്.

വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിപ്രകാരം മൽസ്യത്തൊഴിലാളികൾക്ക് നൽകിയ ആനുകൂല്യങ്ങൾ

477. [591] ശ്രീ. സ്റ്റീഫൻ പാദുവ :
,, എം. എം. ഹസ്സൻ :
,, ബെന്നി ബഹനാൻ :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ :
,, മണിമംഗലത്ത് കുട്ട്യാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86-ൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിപ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് മൽസ്യത്തൊഴിലാളികൾക്ക് നല്കിയത് ;

(ബി) ഇതിനായി ചെലവഴിച്ച സംഖ്യ എത്ര ;

(സി) ഇതിൻപ്രകാരം പ്രയോജനം ലഭിച്ച കുടുംബങ്ങൾ എത്ര ?

ഉത്തരം

(എ) വള്ളം, വല, ഔട്ട്ബോർഡ് മോട്ടോർ, ഊന്നിവല, ചീനവല തുടങ്ങിയ മൽസ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, മീൻ വളർത്തലിൽ പരിശീലനം, മൽസ്യകൃഷിക്കാർക്ക് ധനസഹായം, ഫിഷ് ഫാമുകളുടെ അറ്റകുറ്റപ്പണികൾ, തീരദേശ റോഡുകളുടെ അറ്റകുറ്റപ്പണിക്ക് ധനസഹായം എന്നീ ആനുകൂല്യങ്ങളാണ് മൽസ്യത്തൊഴിലാളികൾക്ക് നൽകിയത്.

LIBRARY ARCHIVES Kerala Legislative Assembly